(ബി) ഇതുമായി ബന്ധപ്പെട്ട എത്ര പേർ ജയിലിലുണ്ട്; എത്ര പേർ ജാമ്യത്തിലുണ്ട്;

(സി) ഈ തട്ടിപ്പുമൂലം എത്ര കോടി രൂപയുടെ നഷ്ടം പൊതുജനങ്ങൾക്ക് വന്നിട്ടുണ്ട്;

(ഡി) ഇത്തരം തട്ടിപ്പ് ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 68 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട 5 പേർ ജയിലിലും, 8 പേർ ജാമ്യത്തിലുമുണ്ട്.

(സി) ഈ തട്ടിപ്പുമൂലം 7,52,93,111 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

(ഡി) ഇത്തരം തട്ടിപ്പ് കമ്പനികളുടെ വാഗ്ദാനങ്ങളിൽ കുടുങ്ങാതിരിക്കാൻ പൊതുജനങ്ങളെ ബോധവൽക്കരിക്കുകയും, ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവർക്കെതിരായ നിയമനടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

പൊട്ടാഷ്യം ക്ലോറേറ്റ് ലൈസൻസ്

45 [1170] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടാഷ്യം ക്ലോറേറ്റ് ലൈസൻസ് പുതുക്കി കിട്ടുന്നതിന് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് ലഭിക്കുന്നതിനുള്ള കാലതാമസം മൂലം കൊല്ലം ജില്ലയിലെ തീപ്പെട്ടി (ഡിപ്പിംഗ്) യൂണിറ്റുകൾ കഴിഞ്ഞ 2 മാസമായി ജോലി നടത്താൻ കഴിയാതെ പൂട്ടിക്കിടക്കുകയാണെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടിയന്തിരമായി വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എത്ര യൂണിറ്റുകൾക്കാണ് ഇപ്രകാരം ലൈസൻസ് ലഭിക്കാൻ കാലതാമസം നേരിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) ലൈസൻസ് പുതുക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട് വേണമെന്ന നിബന്ധനയിൽനിന്നും തീപ്പെട്ടി കമ്പനികളെ ഒഴിവാക്കി ലൈസൻസ് പുതുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly